കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:- dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.7)75/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
0487 2331249 –ഫോൺ
ഇ-മെയിൽ: dotsr.ksad@kerala.gov.in

തിയ്യതി:25.01.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ 3-1,3-2,3-7,3-19,3-20 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.7)75/2017 തിയ്യതി: 25.01.2017

<u>തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ</u>

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9.12.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-16 ൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ചേക്കുട്ടി.കെ.യു.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.2016–20.12.2016 |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അൻവർ അലി,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ്.,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാൻലി.പി.എസ്.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുനിൽ കുമാർ.കെ.സി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ബേബി.കെ.തോമസ് | 1.4.2015 മുതൽ31.10.2015 വരെ |
| എക്സിക്യൂട്ടീവ് കമ്മറ്റി | 1.11.2015 മുതൽ18.11.2015 വരെ |
| ശ്രീമതി.തങ്കമ്മ വർഗ്ഗീസ് | 19.11.2015 മുതൽ31.3.2016 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഔസേഫ്.എം.വി | 1.4.2015മുതൽ 30.4.15 വരെ |
| ശ്രീ.ടി.ജി.സജി.,<br>(ഇൻ ചാർജ്ജ്)അസി.സെക്രട്ടറി | 1.5.2015മുതൽ 26.7.2015 വരെ |
| ശ്രീ.സിജോ കരേടൻ | 27.7.2015മുതൽ 31.3.2016 വെര |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.സുന.യു.എം | 1.4.2014മുതൽ 30.5.2015 വരെ |
| | ശ്രീ.ആന്റണി വട്ടോലി | 1.6.2015മുതൽ 20.7.2015 വരെ |
| | ശ്രീമതി. സജന | 21.7.2015മുതൽ 11.8.2015 വരെ |
| | ശ്രീ.നൈജു.ടി.വി | 12.8.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എൻ.ശാന്തി | 1.4.2015മുതൽ 19.4.2015 വരെ |
| | ശ്രീമതി.ജയശ്രീ.പി.കെ | 20.4.2015മുതൽ 31.3.2016 വരെ |
| ഐസിഡിഎസ് സൂപ്പർ വൈസർ | ശ്രീമതി.ലളിതകുമാരി.വി.ജി | 1.4.2015മുതൽ 22.4.2015 വരെ |
| | ശ്രീമതി.അമ്പിളി.പി.വി | 23.4.2015മുതൽ 31.12.2015 വരെ |
| | ശ്രീമതി.വിനീത.ഒ.വി | 1.1.2016മുതൽ 8.2.2016 വരെ |
| | ശ്രീമതി.സി.ആർ.ശ്രീവിദ്യ | 9.2.2016മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി, വെറ്റിലപ്പാറ | ഡോ.പി.ജെ.സുനീഷ് | 1.4.2015 മുതൽ 4.6.2015 വരെ |
| | ഡോ.സോണിയ സിറിയക് | 5.6.2015മുതൽ 13.7.2015 വരെ |
| | ഡോ.ഉണ്ണികൃഷ്ണൻ | 14.7.2015മുതൽ 7.8.2015 വരെ |

| | | |
|---|---|---|
| | ഡോ.ജിൽഷോ ജോർജ്ജ് | 8.8.2015മുതൽ 31.3.2016വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.ഹെൻറി പ്രസാദ് | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഭിലാഷ്.പി.എസ് | 1.4.2015മുതൽ 23.9.2015 വരെ |
| | ഡോ.സുനിൽ കുമാർ | 24.9.2015മുതൽ 31.3.2016 വരെ |
| പ്രധാനാദ്ധ്യാപിക, ജി.ഡബ്ല്യു.എൽ.പി.എസ്., വാഴച്ചാൽ | ശ്രീമതി.കോമളവല്ലി.എം.ആർ | 1.4.2015മുതൽ 18.5.2015 വരെ |
| | ശ്രീമതി.സിന്ധു.വി.എസ് | 19.5.2015മുതൽ 21.8.2015 വരെ |
| | ശ്രീമതി.ഗീത | 22.8.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ., | ശ്രീ.അനിൽകുമാർ.എ | 1.4.2015മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.സജി.ടി.ജി | 1.4.2015മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സിന്ധു.ഐ.എസ് | 1.4.2015മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2 |
| 12 | 2-1 | 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും |

| | | |
|---|---|---|
| | | സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല. . |
| 13 | 2-2 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചത് പഞ്ചായത്തിന് നഷ്ടം |
| 14 | 2-3 | വാടക-ലേലം-പരസ്യം-ഡയറക്ടറുടെ അംഗീകാരമുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല |
| 15 | 2-4 | പഞ്ചായത്ത് ആവശ്യങ്ങൾക്കായി ഗ്യാപ്പ് ഫണ്ട് ആവശ്യം-വസ്തുനികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കേണ്ടതാണ്. |
| | | ഭാഗം 3 |
| 16 | 3-1 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-അധിക തുക നൽകി . |
| 17 | 3-2 | പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച 5992209/-രൂ ചെലവഴിക്കാതെ അവശേഷിക്കുന്നു . |
| 18 | 3-3 | അസാധാരണ ചെലവ് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. . |
| 19 | 3-4 | ഹോമിയോ മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല |
| 20 | 3-5 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – അർഹമായ വിഹിതം ലഭ്യമാക്കിയില്ല |
| 21 | 3-6 | അംഗൻവാടി ഭൌതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്. |
| 22 | 3-7 | അംഗൻവാടി പോഷകഹാര വിതരണം -അപാകതകൾ |
| 23 | 3-8 | സൈക്കിൾ വിതരണം നടത്തിയിട്ടില്ല |
| 24 | 3-9 | വിവാഹ ധനസഹായം-അപാകതകൾ |
| 25 | 3-10 | കൈപ്പറ്റ് രസീത് ഇല്ല.തുക തടസ്സപ്പെടുത്തുന്നു. |
| 26 | 3-11 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 27 | 3-12 | ആശ്രയ മരുന്ന് വാങ്ങി നൽകൽ -നിലവിൽ ഇല്ലാത്ത പദ്ധതിക്കായി തുക ചെലവഴിച്ചു. |
| 28 | 3-13 | ആശ്രയ ഭവന നിർമ്മാണ പദ്ധതികളിലെ അപാകതകൾ . |
| 29 | 3-14 | ഊരുകൂട്ടങ്ങൾ മുന്നോട്ട് വക്കുന്ന ആവശ്യങ്ങൾക്ക് പരിഗണന നൽകേണ്ടതാണ്. |
| 30 | 3-15 | ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. |
| 31 | 3-16 | അസി എൻജിനീയർക്ക് പദ്ധതി നടപ്പിനായി അഡ്വാൻസ് നൽകിയ തുക തിരിച്ചടച്ചിട്ടില്ല |
| 32 | 3-17 | ഡിഡി കൈവശം സൂക്ഷിച്ചു. |
| 33 | 3-18 | പദ്ധതി ആസൂത്രണത്തിലെ പിഴവ് -തനത് |

| | | |
|---|---|---|
| | | ഫണ്ടിന് അധികബാദ്ധ്യത |
| 34 | 3-19 | ആശ്രയ അവലോകനം |
| 35 | 3-20 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 36 | 3-21 | കാലിത്തീറ്റ എല്ലാ മാസവും ലഭ്യമായിട്ടില്ല |
| 37 | 3-22 | പദ്ധതിയിനത്തിൽ പണം ചെലവഴിക്കുമ്പോൾ പഞ്ചായത്തിന് യാതൊരു നിയന്ത്രണവും സാദ്ധ്യമാക്കുന്നില്ല |
| 38 | 3-23 | ലിഫ്റ്റ് ഇറിഗേഷൻ - പ്രോജക്റ്റുകളിലെ ആവർത്തന സ്വഭാവവും, ഭാഗികതയും ജനകീയാസൂത്രണത്തിന് അനുയോജ്യമല്ല. . |
| 39 | 3-24 | നാലു വർഷമെടുത്ത് നാലു പ്രോജക്റ്റുകളായി നിർമ്മിച്ച ക്രിമിറ്റോറിയം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. |
| 40 | 3-25 | മലക്കപ്പാറ കംഫർട്ട് സ്റ്റേഷൻ മെയിന്റൻസ് - കൺവീനർ നിർമ്മാണ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 41 | 3-26 | കുടിവെള്ള പദ്ധതികൾ - ചെലവ് അഡ്ജസ്റ്റ്മെന്റുകൾക്കായുള്ള കടലാസു പദ്ധതികളായി കലാശിക്കുന്നു |
| 42 | 3-27 | തെരുവു വിളക്കു പദ്ധതികൾ - മരാമത്തു പ്രവൃത്തികളോടൊപ്പം പരിഗണിക്കുന്നത് ഒഴിവാക്കേണ്ടതാണ്. . |
| 43 | 3-28 | പി.എസ്.മാധവൻ നായർ റോഡ് മെയിന്റനൻസ് - തർക്ക ഭൂമിയിലെ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു - ചെലവു തുക തടസ്സപ്പെടുത്തുന്നു |
| | | ഭാഗം 4 |
| 44 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 45 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 46 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 47 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 48 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 49 | 4-6 | ഓഡിറ്റ് റിക്കവറി |
| 50 | 4-7 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 52 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26.3.2015 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 25.7.2016 |

## 1-3വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 13.12.2016 |

അപാകതകൾ

1.നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2.വസ്തു നികുതി ഡിസിബി പത്രിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.കെഎസ് ഇബി ഡെപ്പോസിറ്റ് ചെയ്ത 702561/- രൂപക്ക് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ തുക ഉൾപ്പെടുത്തിയിട്ടില്ല.
4.ബി ഫണ്ട് തിരിച്ചടവുകളുടെ ചലാനുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5.ബ്ലോക്ക് വിഹിതം 68012/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 300000/-രൂപയും നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

കൂടാതെ 2014-15 റിപ്പോർട്ട് പ്രകാരമുള്ള താഴെ പറയുന്ന അപാകതകളും തീർപ്പാക്കിയിട്ടില്ല.

1.2014-15 വർഷത്തെ വസ്തു നികുതി ഡിസിബി പത്രികയും വാർഷിക കണക്കും പൊരുത്തപ്പെടുത്തിയിട്ടില്ല.

2.ബി ഫണ്ട് തിരിച്ചടവുകളുടെ ചലാനുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -42048911

വരവ് -20019846

ആകെ -62068757

ചെലവ് -54711579

നീക്കിയിരിപ്പ്-7357178

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7137432 | 17517457 | 24654889 | 10816315 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 2747713 | 333262 | 3080975 | 1933698 | 0 | 1147277 |
| വികസനഫണ്ട് ടി.എസ്.പി. | 729564 | 808096 | 1537660 | 1537660 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 1857271 | 0 | 1857271 | 1857271 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3290645 | 0 | 3290645 | 3290645 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9474440 | 9444578 | 18919018 | 9518526 | 0 | 9400492 |
| പെർഫോമൻസ് ഗ്രാന്റ് | 6969688 | 913688 | 7883376 | 913688 | 0 | 6969688 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 10679725 | 10679725 | 10679531 | 194 | |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 81911139 | 99 | 33513937 | 0 | 55 | 64% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3068741 | 3470467 | ( +)401726 | +13 |
| നികുതിയേതര വരവുകൾ | 979537 | 507425 | ( -)472112 | -48 |
| മറ്റുവരവുകൾ | 3075615 | 2704575 | (+)371040 | +12 |
| ആകെ | 7123893 | 6682467 | ( +)441426 | +6 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23520 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 660900 | 96 |
| വിധവാപെൻഷൻ | 4533920 | 505 |
| വാർദ്ധക്യകാലപെൻഷൻ | 1669020 | 460 |
| വികലാംഗപെൻഷൻ | 574855 | 75 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 131520 | 14 |
| വിവാഹ ധനസഹായം | 120000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4172/-രൂ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമസഭയിൽ ജനപങ്കാളിത്തം വളരെ കുറവാണ്. ക്ഷേമ പെൻഷനുകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നുണ്ട്.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2016 | 10/2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.11മുതൽ 1.11.2011വരെ | 2008-09മുതൽ 2010-11 വരെ | 26.3.2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻറേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം,തെരുവുവിളക്കുകളും,ഡ്രയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്.

എന്നാൽ പഞ്ചായത്തിൽ ഈയിനത്തിൽ നികുതി ചുമത്തുന്നതിനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചത് പഞ്ചായത്തിന് നഷ്ടം

അതിരപ്പിള്ളി പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് 7-12-2011 ന് എടുത്ത ഭരണസമിതി തീരുമാന പ്രകാരം പാർപ്പിടാവശ്യത്തിന് ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് 3രൂപ മിനിമം നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അധികമുള്ള പഞ്ചായത്തായതിനാലാണ് മിനിമം നിരക്ക് നിശ്ചയിക്കാൻ ശുപാർശ ചെയ്തതെന്നാണ് പഞ്ചായത്തിന്റെ പക്ഷം. എന്നാൽ ദൈനം ദിന ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്ന് ഗ്യാപ്പ് ഫണ്ട് സ്വീകരിക്കേണ്ട അവസ്ഥയാണ് പഞ്ചായത്തിനുള്ളത്. ആയതിനാൽ നിർണ്ണയിക്കപ്പെട്ട വസ്തുനികുതിയുടെ പ്രാബല്യകാലയളവായ 5 വർഷം അവസാനിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് ഇനത്തിൻ പ്രധാന ഇനമായ വസ്തുനികുതി മിനിമം നിരക്കിൽ നിന്ന് ഉയർത്തി പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്,

## 2-3 വാടക-ലേലം-പരസ്യം-ഡയറക്ടറുടെ അംഗീകാരമുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വരവിനങ്ങളായ വാടക, പരസ്യം എന്നീ ഇനങ്ങളിൽ നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി ഭരണസമിതി അംഗീകരിക്കേണ്ടതും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കി കാലവിളംബം കൂടാതെ നടപ്പാക്കേണ്ടതുമാണ്.

## 2-4 പഞ്ചായത്ത് ആവശ്യങ്ങൾക്കായി ഗ്യാപ്പ് ഫണ്ട് ആവശ്യം-വസ്തുനികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കേണ്ടതാണ്.

പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളിൽ 2015-16 സാമ്പത്തിക വർഷത്തിൽ തുടക്കത്തിൽ വസ്തു നികുതി കുടിശ്ശിക 287020 രൂപയായിരുന്നു. എന്നാൽ 13430 രൂപ മാത്രമാണ് ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത്. ഇത് 4.6% മാത്രമാണ്. തൻവർഷത്തെ ഡിമാന്റ് 1774765 രൂപയാണ്. ഇതിൽ 970368 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. ഇത് 54% മാത്രമാണ്. സഞ്ചയയിൽ ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ടെങ്കിലും 2015-16 വർഷത്തെ ഡി.സി.ബി തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്ന് ഗ്യാപ്പ് ഫണ്ട് ആവശ്യമായി വരുന്ന സാഹചര്യത്തിൽ വസ്തുനികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-അധിക തുക നൽകി

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-അർഹമായ തുക 30000/-രൂപയാണ്. (ജി.ഒ(പി)339/2013/ഫിൻ/ 12.7.2013)എന്നാൽ താഴെ പറയും പ്രകാരം അധിക തുക ഈയിനത്തിൽ നൽകി.

| ഗുണഭോക്താവിന്റെ പേര് | ഡിഡിനമ്പർ | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|
| ആനീസ് അതിയാറ, വെററിലപ്പാറ | 942243/10.12.2015 | 60000/- | 30000/- |
| ആനി വർഗ്ഗീസ്, പാറേക്കാടൻ,അത്തുർമുഴി | 962244/27.2.2015 | 60000/- | 30000/- |
| | | | 60000/- |

അധികം നൽകിയ തുക (60000/-) തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യത ആയി കണക്കാക്കുന്നതാണ്.

## 3-2 പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച 5992209/-രൂ ചെലവഴിക്കാതെ അവശേഷിക്കുന്നു

2015-16 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച 48,82,044/-രൂ ചെലവഴിക്കാതെ അവശേഷിക്കുന്നു.വിശദാംശം താഴെ ചേർക്കുന്നു.

എ)ട്രൈബൽ ഫണ്ട് -39,50,912/-രൂ

| ക്രമ നമ്പർ | ഡിഡിനമ്പർ | തുക | ലഭിച്ച ആവശ്യം | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | 062199/20.3.14 | 1837500 | പിള്ളപ്പാറ കമ്മ്യൂണിറ്റി ഹാൾ | - | 1837500 |
| 2 | 062211/20.3.14 | 1220775 | വാഴച്ചാൽ,, | - | 1220775 |
| 3 | 062135/19.3.14<br>061278/27.3.14 | 232199<br>40850<br>273049 | പിള്ളപ്പാറ മണ്ണ് ജല സംരക്ഷണം | 250062 | 22987 |
| 4 | 011570/21.3.15 | 869650 | മുക്കംപുഴ കമ്മ്യൂണിറ്റി ഹാൾ | - | 869650 |
| | | | | ആകെ | 3950912/- |

ബി)ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്-68012/-രൂ

| ഡിഡി നമ്പർ | ലഭിച്ച തുക |
|---|---|
| ലഭ്യമല്ല | 68012 |

ആകെ 68012/-

സി)ജില്ലാ പഞ്ചായത്ത് ഫണ്ട് -300000/-രൂ

| ഡിഡി നമ്പർ | ലഭിച്ച തുക |
|---|---|
| 996509/28.3.14 | 300000 |

ആകെ 300000/-

ഡി)ആരോഗ്യ കേരളം പുരസ്കാരം-290000/-

| ഡിഡി നമ്പർ | ലഭിച്ച തുക |
|---|---|
| 752635/16.4.2013 | 300000 (10000/- രൂപ ചെലവഴിച്ചു.) |

ഇ)ടോട്ടൽ സാനിറ്റേഷൻ – 384120/-രൂ

| ചെക്ക് നമ്പർ | ലഭിച്ച തുക |
|---|---|
| 651550/27.1.2010 | 384120 |

എഫ്) ജലനിധി സംസ്ഥാന വിഹിതം

1.ജനറൽ – 664590/-

| | |
|---|---|
| കാനറ ബാങ്ക് അക്കൗണ്ട് നമ്പർ 1703101003811 | 664590/-രൂ (31.3.16ൽ) |

2.ട്രൈബൽ - 595575/-രൂ

| | |
|---|---|
| കാനറ ബാങ്ക് അക്കൗണ്ട് (കറന്റ് അക്കൌണ്ട്)-1703201001026 | 595575/-രൂ (31.3.16ൽ) |

മേൽ തുകകൾ ചെലവഴിക്കുന്നതിനോ അല്ലാത്ത പക്ഷം തിരിച്ചടവാക്കുവാനുള്ളവ ലഭിച്ച സ്രോതസ്സിലേക്ക് തിരിച്ചടക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 അസാധാരണ ചെലവ് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ അസാധാരണ ചെലവിനങ്ങൾക്ക് തുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ എഴുതി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-4 ഹോമിയോ മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. s00 0086/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

തുക – 100000/-

ഡിഡി നമ്പർ-963354/26.8.15

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് പണം നൽകിയിട്ടുണ്ടെങ്കിലും മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല..

ഡിപ്പാർട്ട്മെന്റിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് മരുന്ന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. കൂടാതെ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഭാവിയിൽ കരാർ വക്കുന്നതിനും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രം മരുന്ന് വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിനോട് ആവശ്യപ്പെടേണ്ടതാണ്. മരുന്ന് ലഭ്യമാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.(100000/-).

## 3-5 ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി-അർഹമായ വിഹിതം ലഭിച്ചില്ല.

പദ്ധതി നമ്പർ-74/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-8/15-16/31.3.16(40000/-)

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതിക്കായി 7 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നത്.150000/-രൂ പ്ലാൻ ഫണ്ടും 75000/-രൂ വീതം ബ്ലോക്ക്, ജില്ലാ വിഹിതവും വകയിരുത്തിയിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.362/2013/തസ്വഭവ/ 16.11.2013 പ്രകാരം 50:25:25 എന്ന അനുപാതത്തിലാണ് സംയുക്ത പദ്ധതികൾക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം വക്കേണ്ടത്. സംയോജിത പദ്ധതികൾക്കുള്ള തുക ഡിഡി ആയി സ്വീകരിക്കരുത് എന്ന സർക്കാർ ഉത്തരവിനു (സ.ഉ.(പി)187/15/ഫിൻ/19.5.15) വിരുദ്ധമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതിക്കായി ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ ബ്ലോക്കും, ജില്ലാ പഞ്ചായത്തും ഡിഡി ആയി നൽകിയത് പഞ്ചായത്ത് സ്വീകരിക്കുകയും ചെലവ് സുലേഖയിൽ കാണിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത തുകകൾ തിരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തു. പഞ്ചായത്ത് വിഹിതം മാത്രമാണ് (50%) ഐ.സി.ഡി.എസ് സൂപ്പർവൈസർ ഗുണഭോക്താക്കൾക്ക് നല്കിയത്. സർക്കാർ ഇറക്കുന്ന ഉത്തരവുകൾ പഞ്ചായത്ത് സ്ഥാപനങ്ങൾ യഥാവിധി പാലിക്കാത്തതിനാൽ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 3-6 അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

അതിരപ്പിള്ളി പഞ്ചായത്തിൽ ആകെ 22 അംഗൻവാടികളാണ് ഉള്ളത്. അവയിൽ 10 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. 5 എണ്ണം വാടകക്കും 7 എണ്ണം പൊതു കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. 21 അംഗൻവാടികളിലും കറന്റ് കണക്ഷൻ ഇല്ല. 16 എണ്ണത്തിന് കുടിവെള്ളമില്ല. സെന്റർ നമ്പർ 22 വെട്ടിക്കുഴിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് ചോർച്ച ഉണ്ട്. പ്രസ്തുത അംഗൻവാടിക്ക് ചുറ്റുമതിലും ഇല്ല. സെന്റർ നമ്പർ19, അരൂർമുഴിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ ടോയ് ലറ്റ് മോശമാണ്. സെന്റർ നമ്പർ16 കെട്ടിടം മോശമാണ്. ടോയ് ലറ്റും മോശമാണ്. ചിക്ലായിൽ സ്ഥിതി ചെയ്യുന്ന സെന്റർ നമ്പർ 20ന് ചുറ്റുമതിൽ ഇല്ല. വന്യ മൃഗങ്ങളുടെ ശല്യം ഉള്ള സ്ഥലമായതിനാൽ ചുറ്റുമതിൽ വളരെ അത്യാവശ്യമാണെന്ന്

ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചു. 12-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് നമ്പർ-225/12/തസ്വഭവ /18.8.2012 പ്രകാരം അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ അംഗൻവാടികളുടെ ഭൗതിക സാഹചര്യം ഒരുക്കുവാൻ പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

## **3-7** അംഗൻവാടി പോഷകഹാര വിതരണം -അപാകതകൾ

എ)സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ-22/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎസ് സൂപ്പർവൈസർ

അംഗൻവാടികൾക്ക് പോഷകാഹാര വിതരണത്തിന് വേണ്ടി തയ്യാറാക്കിയ പദ്ധതി പ്രകാരം ഭദ്രദീപം കുടുംബശ്രീ യൂണിറ്റ്, സപ്ലൈകോ എന്നിവിടങ്ങളിൽ നിന്ന് താഴെ പറയും പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തത് പരിശോധിക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 1/15-16/23.7.2015 | 297772 |
| 2/15-16/22.8.2015 | 375721 |
| 4/15-16/8.12.2015 | 478032 |
| ആകെ | 1151525 |

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വക്കുന്നു.(1151525/-രു)

ബി)കടത്തുകൂലി നൽകിയതിന് കരാർ ഇല്ല.

പോഷകാഹാരം വിതരണം നടത്തിയ ഭദ്രദീപം കുടുംബശ്രീ ഗ്രൂപ്പിന് തന്നെയാണ് സാധനങ്ങൾ വിതരണം നടത്തിയതിനുള്ള കടത്തുകൂലി നൽകിയിരിക്കുന്നത്.എന്നാൽ കടത്തുകൂലി ഏകീകൃത സ്വഭാവമില്ലാതെ വ്യത്യസ്ത റേറ്റിൽ നൽകിയതായി കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | വാങ്ങിയ സാധനങ്ങൾ കിലോഗ്രാമിൽ | കടത്തുകൂലി നൽകിയത് |
|---|---|---|
| 657/21.8.2015 | 1548 | 8000 |
| 659/26.9.2015 | 2155 | 8000 |
| 666/30.12.2015&667/ 3012.2015 | 3661 | 8000 |

എന്തടിസ്ഥാനത്തിലാണ് 8000 രു കടത്തുകൂലി നിശ്ചയിച്ചത് എന്നത് സംബന്ധിച്ച് പരിശോധനക്കായി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയില്ല.ഇത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## **3-8** സൈക്കിൾ വിതരണം നടത്തിയിട്ടില്ല

പദ്ധതി നമ്പർ-82/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ്

ഡിഡിനമ്പർ-892311/4.4.2016

പത്താം തരത്തിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതി പ്രകാരം സൈക്കിൾ വാങ്ങിയതിൽ ഒരു സൈക്കിൾ വിതരണം നടത്തിയിട്ടില്ല. മഹേഷ്.കെ.കെ, കുന്നുപുരക്കൽ എന്ന വിദ്യാർത്ഥിക്കായി വാങ്ങിയ പ്രസ്തുത സൈക്കിൾ വിദ്യാർത്ഥി പാണഞ്ചേരി പഞ്ചായത്തിലെ സ്ഥിര താമസക്കാരനായതിനാൽ നൽകിയില്ല. സൈക്കിൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 വിവാഹ ധനസഹായം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ-12/15-16/20.8.2015-100000/-രൂ

പട്ടിക ജാതിക്കാർക്കുള്ള വിവാഹ ധനസഹായം പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം പദ്ധതി നമ്പർ-99/16

നൽകിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.)പി.ഗോമതി, തായ്യൂടി എസ്റ്റേറ്റ്, മലക്കപ്പാറ എന്ന വ്യക്തിക്ക് ഡിഡി നമ്പർ-963197/21.8.2015 പ്രകാരം 50000/- രൂ നൽകി. ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം, ബിപിഎൽ അണെന്ന് തെളിയിക്കുന്നതിനായി റേഷൻകാർഡ് കോപ്പി/വരുമാന സർട്ടിഫിക്കറ്റ്, പഞ്ചായത്തിലെ സ്ഥിര താമസക്കാരിയാണെന്ന് തെളിയിക്കുന്നതിന് റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

2.സുജാത പങ്കജാക്ഷൻ, മുല്ലക്കൽ, വെറ്റിലപ്പാറ എന്ന വ്യക്തിക്ക് ഡിഡി നമ്പർ-963196/21.8.2015 പ്രകാരം 50000/-രൂ നൽകി. ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം, ബിപിഎൽ അണെന്ന് തെളിയിക്കുന്നതിനായി റേഷൻകാർഡ് കോപ്പി/വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

## 3-10 കൈപ്പറ്റ് രസീത് ഇല്ല.തുക തടസ്സപ്പെടുത്തുന്നു.

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന് രസീത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| പ്രൊജക്റ്റ് നമ്പർ | ഗുണഭോക്താവിന്റെ പേര് | ഡിഡി നമ്പർ/ബിൽ നമ്പർ | തുക |
|---|---|---|---|
| 93/16ആശ്രയ വനിത ഭവന നിർമ്മാണം | കുഞ്ഞിക്കാളി(ട്രിയാരി മരണപ്പെട്ടതിനാൽ മരുമകന്റെ പേരിൽ ഡിഡി നൽകി) | 961263/6.7.2015 | 50000/- |

| | | | |
|---|---|---|---|
| 95/16 ഇലക്ട്രിഫിക്കേഷൻ എസ് ടി | സാമു അയ്യപ്പൻ, നടുമുറ്റം, പണ്ടാരൻപാറ | 20/15-16/ 2103.16 | 4000/- |
| | | ആകെ | 54000 |

## 3-11 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി ഏതാനും ഗഡുക്കളായി തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 98/16ആശ്രയ എസ് ടി ഭവന നിർമ്മാണം | ഇന്ദു രാജീവ്, മുളയത്ത്,അഞ്ചുർ മുഴി | 180000/- |
| 97/16ആശ്രയ എസ് സി ഭവന നിർമ്മാണം | ചന്ദ്രു വെളുത്തായി, കണ്ണൻകുഴി | 90000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 ആശ്രയ ഭവന നിർമ്മാണ പദ്ധതികളിലെ അപാകതകൾ

പദ്ധതി നമ്പർ-91/16,93/16,96/16,97/16&98/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ ആശ്രയ ഭവന നിർമ്മാണ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ആശ്രയ രണ്ടാം ഘട്ട പ്രൊജക്റ്റിന് പഞ്ചായത്തിന് അംഗീകാരം ലഭിച്ചിട്ടില്ല. ആദ്യ ഘട്ടം 2007-08 ൽ പൂർത്തീകരിച്ച ശേഷം റീ വിസിറ്റും നടന്നിട്ടില്ല. നിലവിൽ ഗുണഭോക്താക്കളെ കമ്മറ്റി തെരഞ്ഞെടുത്തു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണം. എന്നാൽ ഏത് മാനദണ്ഡ പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

2.ആശ്രയ ജനറൽ, ജനറൽ സ്ത്രീകൾ, എസ്.സി.,എസ്.സി. സ്ത്രീകൾ, എസ്.ടി. എന്നീ വിഭാഗങ്ങളിലായാണ് വിവിധ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയത്. എന്നാൽ ഗുണഭോക്താക്കൾക്ക് മറ്റ് സ്രോതസ്സുകളിൽ നിന്ന് ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന രേഖകൾ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. (ഉദാ.ജനറൽ വിഭാഗത്തിന് ഐഎവൈ,എസ്.സി/എസ്.ടിക്ക് പട്ടികജാതി വികസന വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് )

3.ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. (12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ല എന്ന് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന കരാർ)

താഴെ പറയും പ്രകാരമാണ് പദ്ധതികൾക്കായി തുക പിൻവലിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | ബിൽ നമ്പർ | പദ്ധതി നമ്പർ | തുക |
|---|---|---|---|
| 1 | 1/15-1/2.7.15 | 91/16 | 180000 |

| | | | |
|---|---|---|---|
| 2 | 3/15-16/ 2.7.15 | 93/16 | 140000 |
| 3 | 4/15-16/ 2.7.15 | 96/16 | 140000 |
| 4 | 5/15-16/ 2.7.15 | 97/16 | 50000 |
| 5 | 6/15-16/ 2.7.15 | 98/16 | 50000 |
| 6 | 7/15-16/ 18.8.15 | 91/16 | 190000 |
| 7 | 8/15-16/ 18.8.15 | 93/16 | 120000 |
| 8 | 9/15-16/ 18.8.15 | 96/16 | 80000 |
| 9 | 10/15-16/ 18.8.15 | 97/16 | 40000 |
| 10 | 11/15-16/ 8.8.15 | 98/16 | 90000 |
| 11 | 13/15-16/ 18.8.15 | 96/16 | 100000(20000 രൂ ഭവന നിർമ്മാണത്തിന്) |
| 12 | 14/15-16/ 30.9.15 | 91/16 | 60000 |
| 13 | 15/15-16/ 30.9.15 | 97/16 | 20000 |
| 14 | 16/15-16/ 26.2.16 | 98/16 | 60000 |
| 15 | 17/15-16/ 26.2.16 | 91/16 | 60000 |
| 16 | 18/15-16/ 26.2.16 | 97/16 | 40000 |
| 17 | 19/15-16/ 18.3.16 | 91/16 | 20000 |
| | | ആകെ | 1360000/-രൂ |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ10/16.12.2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ചെലവ് തുക 1360000/-രൂ തടസ്സത്തിൽ വക്കുന്നു.

## 3-13 ഊരുകൂട്ടങ്ങൾ മുന്നോട്ട് വക്കുന്ന ആവശ്യങ്ങൾക്ക് പരിഗണന നൽകേണ്ടതാണ്.

അതിരപ്പിള്ളി പഞ്ചായത്തിൽ 14 ഊരുകൂട്ടങ്ങൾ ഉണ്ട്. ഇവയിൽ തവളക്കുഴിപ്പാറ ഊരുകൂട്ടം 2015-16ൽ ചേർന്നതായി കാണുന്നില്ല. 12-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ.(എംഎസ്)നം.225/12 തസ്വഭവ/18.8.2012)പ്രകാരം ഊരുകൂട്ടങ്ങൾ പട്ടിക വർഗ്ഗ ഉപ പദ്ധതി രൂപീകരണത്തിന് മുൻപായി വിളിച്ച്

ചേർക്കേണ്ടതാണ്. (ഗ്രാമസഭ ചേരുന്നതിന് മുൻപ്). 2015-16 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്ന ഊരുകൂട്ടങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ വൈദ്യുതി, കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങളാണ് കൂടുതലും ഉന്നയിക്കപ്പെടുന്നത്. കൂടാതെ മത്സ്യബന്ധനത്തിനുള്ള വല തുടങ്ങിയ ആവശ്യങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. ഈ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് മോണിറ്ററിങ്ങിന്റെ അഭാവത്തിൽ ഓഡിറ്റിന് പരിശോധിക്കുവാനായില്ല. പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത അവരുടെ തനത് ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അവ സാക്ഷാത്കരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതിനായി മോണിറ്ററിങ് ഫല പ്രദമായി നടപ്പിലാക്കേണ്ടതാണ്.

## 3-14 ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ ഉള്ള ജനറേറ്ററിന് ഇന്ധനം വാങ്ങിയതിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇന്ധന ക്ഷമത എത്രയാണ് എന്നതും പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. ഇന്ധന ക്ഷമത സാക്ഷ്യപ്പെടുത്തി ലോഗ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്

## 3-15 അസിസ്റ്റന്റ് എൻജിനീയർക്ക് പദ്ധതി നടത്തിപ്പിനായി അഡ്വാൻസ് നൽകിയ തുക തിരിച്ചടച്ചിട്ടില്ല.

പദ്ധതിയിൽ നിന്ന് റീക്കുപ്പ് ചെയ്ത് നൽകുമെന്ന വ്യവസ്ഥയിൽ ഞാറ്റുവെട്ടി പാലം,പണ്ടാരൻ പാറ പാലം എന്നീ പദ്ധതികളുടെ മണ്ണ് പരിശോധനക്ക് യഥാക്രമം 76095/-രൂ, 88692/- രൂ എന്നിങ്ങനെ ആകെ 164787/-രൂ തനത് ഫണ്ടിൽ നിന്ന് അസി. എൻജിനീയർ ചെക്ക് നമ്പർ-100455/31.7.15 പ്രകാരം കൈപ്പറ്റിയിരുന്നു. എന്നാൽ പ്രസ്തുത തുക നാളിതുവരെ റീ കൂപ്പ് ചെയ്തിട്ടില്ല. ടി തുക പദ്ധതി വിഹിതത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-16 ഡിഡി കൈവശം സൂക്ഷിച്ചു.

(എ) പദ്ധതി നമ്പർ-86/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വെററിലപ്പാറ നഴ്സറിപ്പടി ട്രാൻസ്ഫോർമർ ശക്തി വർദ്ധിപ്പിക്കൽ എന്ന പദ്ധതി പ്രകാരം ഡിഡിനമ്പർ-963354/26.8.2015 ആയി കെഎസ്ഇബിയിൽ നിക്ഷേപിക്കുന്നതിനായി പിൻവലിച്ച ഡിഡി (702561/-രൂപ)കെഎസ് ഇബിയിൽ നൽകിയത് 3/16 ലാണ്.(കെഎസ്ഇബിയുടെ രസീത് നമ്പർ-0096614/15.3.2016)പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നമ്പർ-1/8/8.12.15 ലെ തീരുമാനത്തിൽ ഡിഡി തിരിച്ചടവാക്കാതെ കൈവശം സൂക്ഷിക്കുവാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജി.ഒ.(പി) നം. 177/2006/ ഫിൻ തിയ്യതി 12.04.06 ഖണ്ഡിക 8-4 പ്രകാരം 30 ദിവസത്തിൽ കൂടുതൽ വിതരണം ചെയ്യാതെ ഡിഡികൾ കൈവശം വയ്ക്കുവാൻ പാടില്ലാത്തതാണ്. ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) വിനിയോഗ സാക്ഷ്യപത്രം ഇല്ല

പദ്ധതി നമ്പർ-86/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വെററിലപ്പാറ നഴ്സറിപ്പടി ട്രാൻസ്ഫോർമർ ശക്തി വർദ്ധിപ്പിക്കൽ എന്ന പദ്ധതി പ്രകാരം ഡിഡിനമ്പർ-963354/26.8.2015 ആയി കെഎസ്ഇബിയിൽ നിക്ഷേപിച്ച 702561/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം

നാളിതുവരെ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. (702561/-രൂ)

## 3-17 പദ്ധതി ആസൂത്രണത്തിലെ പിഴവ് -തനത് ഫണ്ടിന് അധികബാദ്ധ്യത.

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ.(എംഎസ്)നം.362/13 തസ്വഭവ/16.11.13)പ്രകാരം മരാമത്ത് പദ്ധതികൾ തയ്യാറാക്കുമ്പോൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിനു വിരുദ്ധമായി പദ്ധതികൾ മുഴുവൻ ആവശ്യങ്ങളും ഉൾപ്പെടുത്താതെ തയ്യാറാക്കുകയും പിന്നീട് അനിവാര്യമായി വരുന്ന ചെലവുകൾ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതായും കാണുകയുണ്ടായി. ഉദാഹരണമായി വൈലിക്കടത്ത് റോഡ്, കുമാരക്കുറുപ്പ് റോഡ്, വാഴച്ചാൽ ട്രൈബൽ കോളനി റോഡ് എന്നീ റോഡ് നിർമ്മാണ പ്രവർത്തികളിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് വേണ്ടതായ തുക വകയിരുത്താതെ യഥാക്രമം 4354/-രൂ, 17120/-രൂ, 5898/-രൂ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. തനത് വരുമാനം കമ്മിയായ പഞ്ചായത്തിനെ സംബന്ധിച്ച് ഇത് ശരിയായ നടപടിയല്ല. കൂടാതെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എൽഇഡി ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പദ്ധതിയിലും സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടുത്താതെ ചെക്ക് നമ്പർ-100752/24.2.16 പ്രകാരം 42000/-രൂ കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടവാക്കി.സ.ഉ.(എംഎസ്)നം.271/2004/തസ്വഭവ /4.9.2004 പ്രകാരം കണ്ടിജന്റ് ചെലവിന്റെ പരിധി 10000/-രൂ ആണ്. അതായത് പ്രസ്തുത പരിധിക്കു മുകളിൽ ഉള്ള ചെലവുകൾക്ക് പദ്ധതി തയ്യാറാക്കേണ്ടതാണ്. മേൽ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ചെലവുകൾ തനത് ഫണ്ടിൽ നിന്ന് നടത്തിയിരിക്കുന്നത്. അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-18 ആശ്രയ അവലോകനം

ആശ്രയ ഒന്നാം ഘട്ടം അതിരപ്പിള്ളി പഞ്ചായത്തിൽ 2004-05 ലാണ് ആരംഭിച്ചത്. 2006-07 ൽ അവസാനിക്കേണ്ട ഒന്നാം ഘട്ടം 2012-13 ലാണ് അവസാനിച്ചത്. 200 ഗുണഭോക്താക്കളെയാണ് ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിരുന്നത്. പ്ലാൻ ഫണ്ടിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി വകയിരുത്തിയ തുകയും അവയുടെ വിനിയോഗവും താഴെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയതുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| ഭൂമി | 75000 | 5 | 15000 | 1 |
| വീട് | 2800000 | 44 | 2800000 | 44 |
| റിപ്പയർ | 355000 | 24 | 355000 | 24 |

2007-08 വരെ ലഭ്യമായ പ്ലാൻ ഫണ്ട് തുകയുടെ വിശദാംശം മാത്രമേ മെമ്പർ സെക്രട്ടറി ഹാജരാക്കിയിട്ടുള്ളൂ. 2004-05 മുതൽ2007-08 വരെ 3363953 രൂ പ്ലാൻ ഫണ്ട് ലഭിച്ചതിൽ 3230000/- മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 133953/-രൂ ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്നു.

ഒന്നാം ഘട്ടം റീ വിസിറ്റ് നടത്തിയെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടില്ല. രണ്ടാംഘട്ട പദ്ധതി എസ്.ടി. വിഭാഗങ്ങൾക്കു മാത്രമായി 100കോടി രൂപ അടങ്കലായി തയ്യാറാക്കിയതിന് അംഗീകാരം ലഭിച്ചില്ല. ഇത്ര ബൃഹത്തായ ഒരു പദ്ധതി ആശ്രയയിൽ ഏറ്റെടുക്കുവാൻ കഴിയാത്തതാണ് അതിനു കാരണം. രണ്ടാമത് തയ്യാറാക്കിയ പദ്ധതിക്കും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ സിഡിഎസ് ഭരണ സമിതി എഡിഎസ് തലങ്ങളിൽ സർവ്വേ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താക്കൾക്കായി 2013-14 മുതൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഇതിന് പഞ്ചായത്ത് കമ്മിറ്റിയുടേയും ഗ്രാമസഭയുടേയും

അംഗീകാരമുള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആശ്രയ പദ്ധതിയുടെ 12-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവിന് (ജി.ഒ.(പി)362/13, തസ്വഭവ തി. 16.11.13) വിരുദ്ധമായാണ് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കി വരുന്നത്. ആശ്രയ പദ്ധതിക്കായി പ്രത്യേക ക്യാഷ് ബുക്ക്, ബാങ്ക് അക്കൗണ്ട് എന്നിവ സൂക്ഷിക്കാത്തതിനാൽ വ്യക്തമായ കണക്ക് എടുക്കുവാൻ സാധിക്കുന്നില്ല. ആശ്രയ ഫണ്ട് സൂക്ഷിക്കുന്ന കാനറ ബാങ്ക് അക്കൗണ്ടിലെ 31.3.2016 ലെ നീക്കിയിരിപ്പ് 45,02316/-രൂ ആണ്. സമൂഹത്തിലെ ഏറ്റവും അവശരായ ആളുകൾക്ക് വേണ്ടി തയ്യാറാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ അനുയോജ്യരായ ആളുകൾക്ക് തന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

## 3-19 കാലിത്തീറ്റ എല്ലാ മാസവും ലഭ്യമായിട്ടില്ല

കന്നുകുട്ടി പരിപാലനം എന്ന പ്രോജക്റ്റിൽ (Project. No: S0031/16) ഗുണഭോക്താക്കൾക്ക് എല്ലാ മാസവും കാലിത്തീറ്റ ലഭിച്ചതായി കാണുന്നില്ല.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ജോൺ പാലിശ്ശേരി, പിള്ളപ്പാടം

2. എം.കെ. ചന്ദ്രൻ

3. പൌലോസ്, ചരടായി

4. ശ്രീലജ സന്തോഷ്

5. സിൽവി ജോർജ്ജ്

ഓഡിറ്റ് എൻക്വയറി 11ലൂടെ ഇതിനെക്കുറിച്ച് ആരാഞ്ഞെങ്കിലും തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ ഈ കാലയളവിൽ ഇതിനുവേണ്ടി നീക്കിവെച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-20 വളം വിതരണ പദ്ധതികൾ - പണം ചെലവഴിക്കുമ്പോൾ പഞ്ചായത്തിന് യാതൊരു നിയന്ത്രണവും സാദ്ധ്യമാകുന്നില്ല

ഈ പഞ്ചായത്തിൽ നടപ്പാക്കിയ സമഗ്ര തെങ്ങുകൃഷി വികസനം (പ്രൊജക്ട് നമ്പർ S0003/16) സമഗ്ര വാഴ കൃഷി വികസനം (S0004/16), സമഗ്ര പച്ചക്കറി കൃഷി വികസനം (S0005/16) എന്നീ പദ്ധതികൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും 4,68,746/- രൂപ സബ്സീഡി തുകയായി കോടശ്ശേരി സഹകരണ ബാങ്കിലേക്ക് കൊടുത്തിരിക്കുന്നു. ഈ സാധനങ്ങളുടെ ഗുണ നിലവാരത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തുടനീളം വ്യാപക പരാതികൾ നിലനിൽക്കുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 026491 | 17/12/15 | 1,85,250 |
| 026853 | 29/12/15 | 59,600 |
| 029114 | 18/12/15 | 55,150 |
| 026491 | 17/12/15 | 1,24,369 |
| 029125 | 18/02/16 | 10,462 |
| 026854 | 29/12/15 | 33,915 |

ഈ പണം ഉപയോഗിച്ച് സഹകരണ ബാങ്കിന്റെ സെക്രട്ടറി വളം തുടങ്ങിയ സാമഗ്രികൾ വാങ്ങിക്കുകയും സബ്സിഡി തുക ഒഴിവാക്കി കർഷകർക്ക് ഈ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

ഇങ്ങനെ പദ്ധതി പണം ഉപയോഗിച്ച് ഓരോ വർഷവും സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്നും ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുണ്ടെന്നും തീർച്ചപ്പെടുത്തുവാൻ പഞ്ചായത്തിന് നിലവിൽ യാതൊരു സംവിധാനവും ഇല്ല.

പദ്ധതി പണം ജനകീയാസൂത്രണ കാഴ്ചപ്പാടുകൾക്കും പദ്ധതി മാർഗ്ഗരേഖയ്ക്കും അനുസൃതമായും സുതാര്യമായുമാണ് ചെലവഴിക്കുന്നതെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-21 ലിഫ്റ്റ് ഇറിഗേഷൻ - പ്രോജക്ടുകളിലെ ആവർത്തന സ്വഭാവവും, ഭാഗികതയും ജനകീയാസൂത്രണത്തിന് അനുയോജ്യമല്ല.

അസിസ്റ്റന്റ് എഞ്ചിനീയർ, അതിരപ്പിള്ളി പഞ്ചായത്ത്, നിർവ്വഹണ ഉദ്യോഗസ്ഥനായി എട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തൻവർഷം അംഗീകരിക്കുകയും, മൂന്നെണ്ണം മാത്രം ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തതായാണ്, പ്രോജക്റ്റ് രജിസ്റ്റർ, മരാമത്ത് ബില്ലുകൾ, നിർവ്വഹണച്ചെലവു റിപ്പോർട്ട് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി എന്നിവയിൽ നിന്ന് വ്യക്തമാവുന്നത്. അംഗീകരിച്ച പദ്ധതികൾ പലതും ഒരേ പ്രവർത്തിയുടെ പല ഘട്ടങ്ങളാണെന്ന് കാണുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | പദ്ധതി | പ്രോജക്റ്റ് നം. | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|
| 01 | വെറ്റിലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 34/15-16 (പുതിയത്) | 1500000 | ഇല്ല |
| 02 | വെറ്റിലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ | 153/15-16 (പുതിയത്) | 1500000 | ഇല്ല |
| 03 | അരൂർമൂഴി ലിഫ്റ്റ് ഇറിഗേഷൻ | 35/15-16 (പുതിയത്) | 777777 | ഇല്ല |
| 04 | അരൂർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 126/15-16 (സ്പിൽ ഓവർ) | 1277777 | 1090278 |
| 05 | അരൂർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് മോട്ടോർ സ്ഥാപിക്കൽ | 127/15-16 (സ്പിൽഓവർ) | 1500000 | 769792 |
| 06 | നസ്സറിപ്പടി ലിഫ്റ്റ് ഇറിഗേഷൻ | 36/15-16 (പുതിയത്) | 1500000 | ഇല്ല |
| 07 | പിള്ളപ്പാറ ലിഫ്റ്റ് ഇറിഗേഷൻ | 38/15-16 (പുതിയത്) | 1500000 | ഇല്ല |
| 08 | പിള്ളപ്പാറ ലിഫ്റ്റ് ഇറിഗേഷൻ | 138/15-16 (സ്പിൽഓവർ) | 333333 | 239776 |

മേൽപ്പട്ടികയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നൊഴികെ (ക്രമ നം.6) എല്ലാം ഭാഗിക പ്രവൃത്തികളോ

ഒരു പ്രവൃത്തിയുടെ തന്നെ ആവർത്തനമോ ആണ്. ആയവയിൽ വെറ്റിലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിക്കലിനായി തൻവർഷത്തിൽ രണ്ടു പദ്ധതികൾക്ക് അംഗീകാരം നല്കിയിരിക്കുന്നു (ക്രമ നം. 1,2). അത്തിർമൂഴിയിൽ ഒരു പുതിയ പദ്ധതിയും (ക്രമ നം.3) പൈപ്പ് ലൈൻ സ്ഥാപിക്കലിനു മാത്രമായി ഒരു സ്പിൽ ഓവർ പദ്ധതിയും (ക്രമ നം.4) പമ്പ് ഹൗസ്, മോട്ടോർ സംസ്ഥാപനത്തിന്റെ പേരിൽ മൂന്നാമതൊരു സ്പിൽ ഓവർ പദ്ധതിയും (ക്രമ നം 5) ഉൾപ്പെടുത്തിയിരിക്കുന്നു. പിള്ളപ്പാറ ലിഫ്റ്റ് ഇറിഗേഷനിലുമുണ്ട് ഒരേ പേരിൽ രണ്ടു പദ്ധതികൾ (ക്രമ നം 7,8)

ആവർത്തന സ്വഭാവമുള്ള മേൽ 8 പ്രോജക്ടുകളിൽ മൂന്നെണ്ണമൊഴികെ (ക്രമ നം. 4,5,8) മറ്റൊന്നും തൻവർഷം നടപ്പാക്കാത്തവയാണ്. ക്രമ നം. 4,5 എന്നിവയിൽ നിന്ന് ഒരേ പ്രവൃത്തിക്ക് ( പൈപ്പ് ലൈൻ സ്ഥാപിക്കൽ) ചെലവ് ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ വെളിച്ചത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

01. സമഗ്രമായ ആസൂത്രണത്തോടെയും രൂപകല്പനയോടെയും നടപ്പാക്കേണ്ട ജലസേചന പദ്ധതികൾ ഭാഗിക പ്രവൃത്തികളായോ ഒരേ പ്രവൃത്തിയുടെ ആവർത്തനമായോ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നിരുത്തരവാദപരവും ആസൂത്രണമില്ലായ്മയുമാണ്.

02. അത്തിർമൂഴി ലിഫ്റ്റ് ഇറിഗേഷനിൽ ഒരേ ഇനം പ്രവർത്തികൾക്കായി തൻവർഷം ഉൾപ്പെടുത്തിയ രണ്ടു പദ്ധതികളും (ക്രമ നം. 4,5) സ്പിൽ ഓവറാണ്. ഇതിനർത്ഥം, ഇതേ പദ്ധതികൾ മുൻ വർഷവും ഉണ്ടായിരുന്നു എന്നാണല്ലോ. ഒരു പ്രവൃത്തിയ്ക്ക് ഒന്നിലേറെ പദ്ധതിയെന്ന ആശാസ്യമല്ലാത്ത രീതി മുൻ വർഷങ്ങളിലും നിലനിന്നിരുന്നു എന്നർത്ഥം. വർഷംതോറും തുടരുന്ന ഈ ആവർത്തനങ്ങൾക്ക് ഓഡിറ്റ് അന്വേഷണത്തിലൂടെ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല.

മേൽ നിരീക്ഷണങ്ങളിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 3-22 നാലു വർഷമെടുത്ത് നാലു പ്രോജക്ടുകളായി നിർമ്മിച്ച ക്രിമിറ്റോറിയം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

2012-13ൽ ആരംഭിച്ച കണ്ണംകുഴി എൽ.പി.ജി. ക്രിമിറ്റോറിയം നിർമ്മാണ പദ്ധതി നാലു വ്യത്യസ്ത പ്രൊജക്ടുകളും അവയുടെ സ്പിൽ ഓവർ പ്രോജക്ടുകളുമായി ഇഴഞ്ഞു നീങ്ങി തൻവർഷവും പൂർത്തിയാവാതെ കിടക്കുകയാണ്. ലഭ്യമായ ഫയലുകൾ, പ്രൊജക്ട് രജിസ്റ്റർ വിവരങ്ങൾ, പ്രോജക്ടുകൾ, മരാമത്ത് ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നു ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആദ്യ പ്രോജക്ട് ആയ കെട്ടിട നിർമ്മാണം

2012-13ലെ പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമല്ലെങ്കിലും 14-15ലെ തുടർ ഫയലിൽ നിന്ന് ക്രിമിറ്റോറിയം കെട്ടിടത്തിന്റെ 13-14ലെ സ്പിൽ ഓവർ പദ്ധതി മുതലുള്ള വിവരങ്ങൾ ലഭ്യമാണ്. S.O-36/13-14-ാം നമ്പർ പ്രൊജക്ടിന് 2014-15ൽ S.O-133/ 14-15-ാം നമ്പർ പ്രൊജക്ടായി 2100000/-രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി ലഭിക്കുകയും (27/AE/LSGD/2015/dated 25.02.2015) കരാറുകാരനുമായുള്ള 21.02.2014ലെ 48/AE/LSGD/14-15-ാം നമ്പർ ഉടമ്പടി പ്രകാരം പ്രവൃത്തി ആരംഭിച്ച് 3/2015ന് പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിലെ ആകെ ചെലവ് 1973786.76/-രൂപ (1776210.70+66164.24).

2. യന്ത്രസാമഗ്രികൾ വാങ്ങലും, സംസ്ഥാപനവും.

പഞ്ചായത്തു ഭരണ സമിതിയുടെ 08.12.2015ലെ 1(2)-ാം നമ്പർ തീരുമാനം, 31.12.15ലെ 1(5)-ാം നമ്പർ തീരുമാനം എന്നിവ പ്രകാരം പ്രോജക്ട് നം. S.O-41/15-16 ന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (K.S.I.D.C) പക്കൽ നിന്ന് 1700000/-രൂപ അടങ്കലിൽ ക്രിമിറ്റോറിയത്തിനു

വേണ്ട യന്ത്രസാമഗ്രികൾ വാങ്ങി സംസ്ഥാപനം നടത്താൻ തീരുമാനിക്കുകയും (സാങ്കേതികാനുമതി ഫയൽ ലഭ്യമല്ല. D.P.C. അംഗീകാരം നം. 300/15/ROI/DPM Dated 30.05.15, എസ്റ്റിമേറ്റ് നം. 36/AE/ LSGD/ APL4/15-16 dated 08.01.2016) രണ്ടു ഗഡുക്കളായി 1700000/-രൂപ നല്കി (913688+786312) യന്ത്രസാമഗ്രികൾ വാങ്ങി 3/2016ന് യന്ത്ര സംസ്ഥാപനം പൂർത്തിയാവുകയും ചെയ്തു. യന്ത്ര സംസ്ഥാപനം പൂർത്തിയായത് പ്ലാന്റ് സന്ദർശനത്തിലൂടെ ഓഡിറ്റിനു നേരിട്ടു ബോധ്യപ്പെട്ടിട്ടുണ്ട്.

3. ക്രിമിറ്റോറിയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

തൻവർഷത്തിൽ പ്രോജക്റ്റ് നം. 136/15-16 ആയി 1056000/-രൂപ വകയിരുത്തി ടി ക്രിമിറ്റോറിയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള മൂന്നാമതൊരു പദ്ധതികൂടി അംഗീകരിക്കപ്പെട്ടിട്ടുണ്ട് (സാങ്കേതികാനുമതി 234/AEE/LIDY/ 15-16 തിയ്യതി 24.07.2015). ടെണ്ടർ മുഖേന ടി പദ്ധതിയുടെ മരാമത്തു പ്രവൃത്തികൾ ശ്രീ.ജോജൻ വർഗ്ഗീസ് എന്ന കോൺട്രാക്ടറെ ഏല്പിപ്പിക്കുകയും ടിയാൾ ചുറ്റുമതിലിന്റെ പണി ഏതാണ്ട് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. (ചിത്രം 1 കാണുക). ആയത് സൈറ്റ് സന്ദർശിച്ച് ഓഡിറ്റ് ടീം നേരിട്ട് കാണുകയുണ്ടായി.



ചിത്രം (1)

എന്നാൽ ലോക ബാങ്ക് ധന സഹായം ലഭിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തി അനിശ്ചിതമായി നിർത്തി വച്ചിരിക്കുകയാണ്.

4.ക്രിമിറ്റോറിയം വൈദ്യുതീകരണം

വൈദ്യുതീകരണത്തിനായി (പ്രോജക്ട് നം. 166/15-16 അടങ്കൽ 190000/-) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നാലാമത്തൊരു പ്രോജക്ട് കൂടി അംഗീകരിച്ചിട്ടുണ്ട്. ആയത് തൻവർഷം നടപ്പായിട്ടില്ല.

മേൽവിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

01. ആകെ നാലു സാമ്പത്തിക വർഷമെടുത്തിട്ടുണ്ട് ക്രിമിറ്റോറിയം സംസ്ഥാപനം വരെയുള്ള പ്രവർത്തനങ്ങൾക്ക്. കെട്ടിടം പണി മൂന്നു കൊല്ലം സ്പിൽ ഓവറായിരുന്നു. ഇലക്ട്രിഫിക്കേഷൻ തൻവർഷം അംഗീകരിച്ചെങ്കിലും നടപ്പിലായിട്ടില്ല. ചുറ്റുമതിൽ, പൂമുഖം, കവാടം, റോഡ് നിർമ്മാണം തുടങ്ങിയ പണികൾ അനിശ്ചിതമായി മുടങ്ങിക്കിടക്കുന്നു. മേൽ കാലതാമസങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അഞ്ചാം വർഷത്തിലേക്കു കടന്നതും 38 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞതും 12 ലക്ഷത്തിലേറെ രൂപ ഇനിയും ചെലവു പ്രതീക്ഷിക്കുന്നതുമായ ഈ സംരംഭം പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടി നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

02. ഒറ്റ പദ്ധതിയായി വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ട വലിയ പദ്ധതികൾ 4 ഭാഗിക പ്രോജക്റ്റുകളായി നടപ്പാക്കാനിടയായത് ആസൂത്രണത്തിലെയും, ഫണ്ട് വിനിയോഗത്തിലെയും ദൗർബല്യമാണെന്ന് ഓഡിറ്റ് കരുതുന്നു. ഭാഗിക പദ്ധതികളായി നടപ്പാക്കിയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

03. ഒരു ഘടകം മാത്രം - വൈദ്യുതികരണം - സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയാക്കിയത് സമഗ്രമായ ഒരു പദ്ധതിയ്ക്ക് അനുഗുണമല്ല. കെട്ടിട നിർമ്മാണ പ്രവൃത്തികളിലെ ഇലക്ട്രിക് വർക്കുകളുടെ മേൽനോട്ടം അസിസ്റ്റന്റ് എഞ്ചിനീയർ വഹിക്കാറില്ല എന്ന വിശദീകരണമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം നല്കിയത്. അത്തരമൊരു കീഴ്വഴക്കം നിലവിലുണ്ടെങ്കിൽ ആയത് നിയമപരമല്ല. വൈദ്യുതീകരണം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി പരിഗണിക്കുകയും സമഗ്രമായ എസ്റ്റിമേറ്റിന്റേയും, അനുമതികളുടേയും അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന്റെ ചുമതല എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

04. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പ്രോജക്റ്റിന് (136/15-16) പരിസര നിർമ്മാണ പ്രവർത്തനത്തിനായി KLGSDPയിൽ നിന്ന് വായ്പ ലഭിക്കാത്തതുകൊണ്ട് മാത്രം (ഓഡിറ്റ് അന്വേഷണം 15/16.12.16നുള്ള മറുപടി) സമയവും പണവും ഏറെ ചെലവു ചെയ്ത് നിർമ്മിച്ച ക്രിമിറ്റോറിയം ജനങ്ങൾക്ക് ഉപകാരപ്പെടാതെ തുടരുന്നത് ആശാസ്യമല്ല. വഴി, മുറ്റം, പൂമുഖം, ചുറ്റുമതിൽ എന്നിവയുടെ പണി മാത്രമാണ് പൂർത്തിയാക്കുവാൻ ശേഷിക്കുന്നത്. (ചിത്രം 2,3,4 എന്നിവ കാണുക) ലോക ബാങ്ക് ധനസഹായം ലഭ്യമല്ലെങ്കിൽ പണി പൂർത്തീകരിക്കാൻ വേണ്ട അടിയന്തിര ഫണ്ട് കണ്ടെത്താൻ പഞ്ചായത്ത് ഭരണ സമിതി മുൻകയ്യെടുക്കേണ്ടതാണ്.



(ചിത്രം 2)



(ചിത്രം 3)



(ചിത്രം 4)

# 3-23 മലക്കപ്പാറ കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് - കൺവീനർ നിർമ്മാണ രേഖകൾ ഹാജരാക്കിയിട്ടില്ല.

മലക്കപ്പാറ കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് എന്ന മരാമത്തു പദ്ധതി (131/15-16) സ്പിൽ ഓവറായി അംഗീകരിക്കുകയും (സാങ്കേതികാനുമതി നം. 25/AEE/cldy/2015-16 dated 28.05.15) കൺവീനർ ശ്രീമതി. ശാന്തിയുമായി 150000/-രൂപ അടങ്കലിലുള്ള പ്രവൃത്തികൾക്ക് ഉടമ്പടിയുണ്ടാക്കുകയും ചെയ്തു. (എഗ്രിമെന്റ് നം.65/14-15 തിയ്യതി 12.03.15) ടി പ്രവൃത്തിയുടെ ചെലവു സംബന്ധിച്ച് ആകെ ഫയലിൽ ലഭ്യമായത് അളവു പുസ്തകത്തിലെ (നം. 63/14-15) രേഖപ്പെടുത്തലുകളും ചെക്ക് മെഷർമെന്റ് വിവരങ്ങളും അസിസ്റ്റന്റ് എഞ്ചിനീയറുടെ 145778/-രൂപയുടെ ഇവാല്യുവേഷൻ സാക്ഷ്യപ്പെടുത്തലുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ കൺവീനർ നിയമപരമായ പ്രവൃത്തി രേഖകളോ, ബില്ലോ സമർപ്പിച്ചിട്ടില്ലെന്നും, പണി പൂർത്തികരിച്ചതാണെന്നും അറിയിച്ചിരിക്കുന്നു. പണി പൂർത്തീകരിച്ച വിവരം സാക്ഷ്യപ്പെടുത്തുകയും, ചെലവ് രേഖകൾ ഹാജരാക്കാത്തതിന് കൺവീനർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 3-24 കുടിവെള്ള പദ്ധതികൾ - ചെലവ് അഡ്ജസ്റ്റ്മെന്റുകൾക്കായുള്ള കടലാസു പദ്ധതികളായി കലാശിക്കുന്നു.

2014-15ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം, ഭൂഗർഭ ജലവകുപ്പിനെ നിക്ഷേപ പ്രവൃത്തിയായി ഏല്പിച്ച അതിരൂർമൂഴി കുടിവെള്ള പദ്ധതിക്ക് (179/14-15) അടങ്കലിനേക്കാൾ അധികമായി 35924/-രൂപ നല്കിയത് ജനകീയാസൂത്രണ ചട്ടങ്ങൾ പാലിക്കാതെയാണെന്നും ടി തുക മറ്റൊരു കുടിവെള്ള പദ്ധതിയിൽ നിന്ന് വകമാറ്റിയതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അതേ പ്രദേശത്തുതന്നെ രണ്ട് സമാനമായ കുടിവെള്ള പദ്ധതികൾക്കുകൂടി തൻവർഷം അംഗീകാരം നല്കി 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 01 | അത്തർമൂഴി കമ്മ്യൂണിറ്റി ഹാൾ കുടിവെള്ള പദ്ധതി | 70/15-16 (പുതിയത്) | 300000 | ഇല്ല. |
| 02 | അത്തർമൂഴി കമ്മ്യൂണിറ്റി ഹാൾ കോളനി കുടിവെള്ള പദ്ധതി | 163/15-16 | 130000 | ഇല്ല |

163/15-16-ാം നമ്പർ പ്രോജക്ട് മുൻവർഷത്തെ സമാന പദ്ധതിയിലെ അധിക ചെലവ് പരിഹരിക്കാനാണെന്നാണ് ഓഡിറ്റ് അന്വേഷണം 17/16.12.2016ന് നല്കിയ മറുപടിയിൽ വിശദീകരിക്കുന്നത്. എന്നാൽ ടി പ്രൊജക്റ്റ് തുക തൻവർഷം ചെലവഴിച്ചിട്ടില്ല. പ്രോജക്ട് നം. 70/15-16 ആയി പുതിയൊരു പദ്ധതികൂടി അതേ പ്രദേശത്ത് ആരംഭിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭിച്ചിട്ടില്ല.

മുൻവർഷം വകമാറ്റിയ തുകയ്ക്കായി പുതിയ പ്രോജക്ട് വയ്ക്കലും ഒരേ സ്ഥലത്ത് ഒരേ കുടിവെള്ള പദ്ധതി കടലാസ് പദ്ധതിയായി ഉൾപ്പെടുത്തുന്നതും ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ അന്തസത്തക്ക് നിരക്കുന്നതല്ല.

മേൽ രണ്ടു പദ്ധതികളും തൻവർഷത്തിൽ നടപ്പാക്കിയിട്ടില്ല. മുൻകൊല്ലം നടപ്പാക്കിയ പദ്ധതിയിലെ അധികച്ചെലവു പരിഹരിക്കാനാണോ, തുടർപദ്ധതിയായാണോ ആയവ വിഭാവനം ചെയ്തതെന്ന് വ്യക്തമല്ല. ടി ആവശ്യങ്ങൾക്കാണെങ്കിൽ തന്നെ ഒരേ പ്രവൃത്തികൾ / പ്രദേശങ്ങൾ അടങ്ങിയ രണ്ടു പദ്ധതികൾ അംഗീകരിക്കുകയും പിന്നീട് നടപ്പാക്കാതിരിക്കുകയും ചെയ്തത് ദുരൂഹമാണ്. 2016-17 വർഷം ടി പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നതടക്കം മേൽ നിരീക്ഷണങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-25 തെരുവു വിളക്കു പദ്ധതികൾ - മരാമത്തു പ്രവൃത്തികളോടൊപ്പം പരിഗണിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ടതല്ലാത്ത രണ്ടു പ്രൊജക്റ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 01 | മലക്കാപ്പാറ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ (പൊതു) | 121/15-16 (സ്പിൽ ഓവർ) | 300000 | ഇല്ല. |
| 02 | തെരുവു വിളക്ക് മീറ്ററിങ്ങ് സംവിധാനം | 122/15-16 | 132500 | ഇല്ല |

മേൽ രണ്ടു പദ്ധതികളും സ്പിൽ ഓവറുകളും നടപ്പിലാക്കാത്തതുമാണ്. വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ വിവിധ മേഖലകളുടെ അനുപാതം കൃത്യമാവാൻ വേണ്ടി മാത്രം വർഷാവർഷം അംഗീകരിച്ച് നടപ്പാക്കാതെ ഉപേക്ഷിക്കുന്ന കടലാസു പദ്ധതികളാണോ ഇവയെന്ന് ഓഡിറ്റ് സംശയിക്കുന്നു

## 3-26 പി.എസ്.മാധവൻ നായർ റോഡ് മെയിന്റനൻസ് - തർക്ക ഭൂമിയിലെ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു - ചെലവു തുക

തടസ്സപ്പെടുത്തുന്നു

അടങ്കൽ : 200000/-രൂപ

കോൺട്രാക്ടർ : എം.പി. ജോൺസൺ

അളവു പുസ്തകം നമ്പർ : 23/15-16 പുറം - 11

ചെലവു വിവരം

പാർട്ട് ബിൽ (ചെക്ക് നം.892384/4.4.16) : 34455

റീടെൻഷൻ (ചെക്ക് നം.892385/4.4.16) : 4102

I.T. : 410

K.C.W.W.F : 410

VAT : 1641

ആകെ ചെലവ് : 41018/-രൂപ

========

മേൽ പരാമർശിച്ച റോഡിന്റെ അറ്റകുറ്റപ്പണികൾ (പ്രോജക്ട് നം. 55/15-16) 41018/- രൂപ ചെലവഴിച്ചശേഷം നിർത്തിവയ്ക്കുകയുണ്ടായി. കോൺക്രീറ്റ് റീട്ടെയിനിങ്ങ് വാളിന്റെ ഭാഗികമായ പണികൾ മാത്രമാണ് പൂർത്തിയായത് (ഫയൽ നം. 55/15-16). അതിർത്തിത്തർക്കത്തെ തുടർന്ന് സ്ഥലം വിട്ടുകിട്ടാത്തതിനാലാണ് പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (20.12.16) നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. തർക്ക പ്രദേശത്ത് പ്രൊജക്റ്റ് നടപ്പാക്കാൻ തുനിഞ്ഞ നടപടിതന്നെ ആസൂത്രണപ്പിഴവാണെന്നതിനാൽ പഞ്ചായത്ത് ഭരണസമിതിയ്ക്കും, പഞ്ചായത്ത് സെക്രട്ടറിയ്ക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ട്. പണിയുടെ പൂർത്തികരണത്തിനു വിധേയമായ ആകെ ചെലവു തുകയായ 41018/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ മലക്കപ്പാറ | ഇല്ല | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 68012 | അംഗൻവാടി പോഷകാഹാരം | ഇല്ല | 68012 |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | - | തിരിച്ചടച്ചു |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 75000 | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | - | തിരിച്ചടച്ചു |

വാർഷിക കണക്ക പ്രകാരം 31.03.16ലെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ യഥാക്രമം 375000/- രൂപയും, 143012/- രൂപയും ബാലൻസ് ഉണ്ട്. ആയതിൽ ജില്ലാ വിഹിതം 75000/- രൂപയും ബ്ലോക്ക് വിഹിതം 75000/- രൂപയും ഓഡിറ്റ് കാലയളവിനുള്ളിൽ തിരിച്ചടച്ചിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | നഴ്സറിപ്പടി ട്രാൻസ്ഫോർമർ | 963354/31.3.16 | 702561 | പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 20019846 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54711579 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3509104 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | തുക | ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 60000 | സജി. ടി.ജി, അസി .സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 100000 | സിജോ കരേടൻ,സെക്രട്ടറി, |
| 3-16 | 702561 | ,, |
| 3-7 | 1151525 | അമ്പിളി.പി.വി., ഐസിഡിഎസ് സൂപ്പർവൈസർ |
| 3-9 | 100000 | സജി.ടി.ജി.,അസി സെക്രട്ടറി |
| 3-10 | 54000 | ,, |
| 3-12 | 1360000 | ,, |
| 3-26 | 41018 | നൈജു.ടി.വി., അസി എൻജിനീയർ |
| ആകെ | 3509104 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജി.ടി.ജി., അസി.സെക്രട്ടറി | അസി.സെക്രട്ടറി,അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | തിരുകുളം വീട്, കുലയിടം,ചെറുവാളൂർ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രാകരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം(പഞ്ചായത്ത് നൽകിയ വിവര പ്രകാരം)

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3.56.2 | മലക്കപ്പാറ കുടിവെള്ള പദ്ധതി 100 Hpമോട്ടോർ വാങ്ങിയ ശേഷം പദ്ധതി ഉപേക്ഷിച്ചു | മോട്ടോർ ലേലം ചെയ്യുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട് |
| 2002-03 | 3-5 | 2006-07 | 3.56.1 | കാട വളർത്തൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | മൻകൂർ തുക തിരിച്ചടക്കുന്നതിന് തൃശ്ശൂർ കാട വളർത്തൽ സൊസൈറ്റിക്ക് കത്തയച്ചിട്ടും മറുപടി ലഭിച്ചിട്ടില്ല |
| 2002-03 | 3-3 | 2006-07 | 3.53.4 | നിക്ഷേപ ജോലികൾ പണി പൂർത്തീകരിച്ചിട്ടില്ല | യൂട്ടിസൈസേഷൻ ഹാജരാക്കിയിട്ടുണ്ട് |
| 2002-03 | 3-12 | 2006-07 | 3.53.2 | കന്നുകുട്ടി പരിപാലന പദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല | യൂട്ടിസൈസേഷൻ ഹാജരാക്കിയിട്ടുണ്ട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 96-97 | എൽ.എഫ്.ടി 7-553/99/ 4.11.99 | | |
| 97-98 | എൽ.എഫ്.ടി 7-554/99/ 4.11.99 | | |
| 98-99 | എൽ.എഫ്.ടി 7-618/2000/ 28.11.02 | | |
| 99-2000, 2001-02(പ്ലാൻ) | എൽ.എഫ്.ടി 14-1204/03/ 3.2.04 | | |
| 99-2000 | എൽ.എഫ്.ടി 14-875/05/ 11.8.05 | | |
| 2000-01 | എൽ.എഫ്.ടി 14-867/05/ 11.8.05 | | |
| 2001-02 | എൽ.എഫ്.ടി 14-945/05/ 11.8.05 | | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.ടി 14-618/06/<br>19.8.06/9.1.07 | | |
| 2003-04 | എൽ.എഫ്.ടി 14-619/06/<br>19.806 | | |
| 2004-05 | എൽ.എഫ്.ടി 14-65/09/<br>21.12.09 | | |
| 2005-06 | എൽ.എഫ്.ടി 14-821/09/<br>24.7.10 | | |
| 2006-07 | എൽ.എഫ്.ടി 14-822/09/<br>24.7.10/10.11.10 | | |
| 2007-08 | എൽ.എഫ്.ടി 15-690/11/<br>28.9.11 | | |
| 2008-09 | എൽ.എഫ്.ടി 15-691/11/<br>19.2.11/2.1.12 | | |
| 2009-10,<br>2010-11 | എൽ.എഫ്.ടി.പി3-1662/12/<br>11.1.13/6.4.13 | | |
| 2011-12 | എൽ.എഫ്.ടി പി7-1985/13<br>3.4.14/13.6.14 | | |
| 2012-13 | എൽ.എഫ്.ടി പി7-1908/14<br>10.6.15/27.7.15 | | |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ<br>(പി7)221/16/22.2.16 | | |
| 2014-15 | കെഎസ്എ<br>ടിഎസ്ആർ(പി7)1278/16/<br>29.7.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-TSR/P7/75/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 25.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Athirappilly Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Athirappilly Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ.(പി.7)75/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 25.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.